## 15 -ാം കേരള നിയമസഭ

## 1 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 282** — **08-06-2021 - ൽ മറുപടിയ്ക്ക്**

## അച്ചൻകോവിൽ - പ്ലാപ്പള്ളി റോഡ് നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള അച്ചൻകോവിൽ-പ്ലാപ്പള്ളി റോഡിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | സർക്കാർ കിഫ്ബി പദ്ധതിയായി പ്രഖ്യാപിക്കുന്ന പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് അതത് പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിക്കുകയും അവ അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമാക്കുന്നതിനായി സാങ്കേതിക അവലോകന റിപ്പോർട്ട് എസ്.പി.വിക്ക് നൽകുകയും ചെയ്യുന്നു. അതിൻ പ്രകാരം പദ്ധതി റിപ്പോർട്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി എസ്.പി.വി കിഫ്ബിക്ക് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കിഫ്ബി പദ്ധതിയുടെ അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കി അതുൾപ്പെടെയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുൻപാകെ സമർപ്പിച്ച് പദ്ധതികൾക്ക് ധനാനുമതി നൽകുന്നു. അച്ചൻകോവിൽ - പ്ലാപ്പള്ളി റോഡ്, പുതുവൽ - മങ്ങാട് റോഡ് എന്നീ പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ ലഭിക്കുകയും അത് അവലോകനം നടത്തി തയ്യാറാക്കിയ സാങ്കേതിക അവലോകന റിപ്പോർട്ടും സ്ഥല പരിശോധന റിപ്പോർട്ടും 15/05/2021, 18/02/2021 എന്നീ തീയതികളിൽ എസ്.പി.വിയായ കേരള റോഡ് ഫണ്ട് ബോർഡിന് നൽകിയിട്ടുണ്ട്. ടി റിപ്പോർട്ട് പൂർണ്ണമായി പാലിച്ച് വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ടി പദ്ധതികൾക്ക് ധനാനുമതി നൽകുന്നതിലേക്കായി കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുൻപാകെ സമർപ്പിക്കുന്നതാണ്. ധനാനുമതി ലഭിച്ചതിനു ശേഷം പദ്ധതി സമയബന്ധിതമായി നടപ്പിലാക്കേണ്ട ചുമതല എസ്.പി.വി യായ കേരള റോഡ് ഫണ്ട്ബോർഡിനാണ്. |
| (ബി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പുതുവൽ-മങ്ങാട് റോഡിന്റെ നിർമ്മാണം എപ്പോൾ | (ബി) | സർക്കാർ കിഫ്ബി പദ്ധതിയായി പ്രഖ്യാപിക്കുന്ന പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് അതത് |

| | | | |
|---|---|---|---|
| | ആരംഭിക്കുവാൻ കഴിയുമെന്നറിയിക്കാമോ? | | പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിക്കുകയും അവ അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമാക്കുന്നതിനായി സാങ്കേതിക അവലോകന റിപ്പോർട്ട് എസ്.പി.വിക്ക് നൽകുകയും ചെയ്യുന്നു. അതിൻ പ്രകാരം പദ്ധതി റിപ്പോർട്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി എസ്.പി.വി കിഫ്ബിക്ക് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കിഫ്ബി പദ്ധതിയുടെ അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കി അതുൾപ്പെടെയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുൻപാകെ സമർപ്പിച്ച് പദ്ധതികൾക്ക് ധനാനുമതി നൽകുന്നു. അച്ചൻകോവിൽ - പ്ലാപ്പള്ളി റോഡ്, പുതുവൽ - മങ്ങാട് റോഡ് എന്നീ പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ ലഭിക്കുകയും അത് അവലോകനം നടത്തി തയ്യാറാക്കിയ സാങ്കേതിക അവലോകന റിപ്പോർട്ടും സ്ഥല പരിശോധന റിപ്പോർട്ടും 15/05/2021, 18/02/2021 എന്നീ തീയതികളിൽ എസ്.പി.വിയായ കേരള റോഡ് ഫണ്ട് ബോർഡിന് നൽകിയിട്ടുണ്ട്. ടി റിപ്പോർട്ട് പൂർണ്ണമായി പാലിച്ച് വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ടി പദ്ധതികൾക്ക് ധനാനുമതി നൽകുന്നതിലേക്കായി കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുൻപാകെ സമർപ്പിക്കുന്നതാണ്. ധനാനുമതി ലഭിച്ചതിനു ശേഷം പദ്ധതി സമയബന്ധിതമായി നടപ്പിലാക്കേണ്ട ചുമതല എസ്.പി.വി യായ കേരള റോഡ് ഫണ്ട്ബോർഡിനാണ്. |

സെക്ഷൻ ഓഫീസർ